# ആനന്ദം അനന്താനന്ദം

## ഉയിർപ്പുകാലം നാലാം ഞായർ , യോഹ 16:16-24

**ഡോ. ജോഷി മയ്യാറ്റിൽ**

യേശു തന്റെ ഉയിർപ്പിനെക്കുറിച്ചും തത്സംബന്ധിയായ ശിഷ്യന്മാരുടെ അനുഭവത്തെക്കുറിച്ചും തന്റെ വിടവാങ്ങൽ പ്രഭാഷണമധ്യേ നടത്തിയ പ്രവചനത്തെ അയവിറക്കുകയാണ് സഭ ഉയിർപ്പുകാലം നാലാം ഞായറാഴ്ചയിലെ സുവിശേഷവായനയിലൂടെ. സുവിശേഷത്തിലെ ചില പദങ്ങളെ പ്രത്യേകം പരിഗണിക്കാതെ ഈ ഭാഗത്തിന്റെ അർഥം ഗ്രഹിക്കുക അസാധ്യമായതിനാൽ ഈ കുറിപ്പിന് അല്പം പദപഠനസ്വഭാവമുണ്ടാകും എന്ന മുൻകൂർ ജാമ്യം ആദ്യമേ എടുത്തു കൊള്ളട്ടെ. അല്പസമയം യേശുവിന്റെ വിയോഗം അടുത്തു എന്ന അർഥത്തിൽ ഈ സുവിശേഷത്തിൽ പല പ്രാവശ്യം ഈ പ്രയോഗം (ഗ്രീക്കിൽ 'മിക്രോൺ') ഉപയോഗിക്കുന്നുണ്ട് (7:33; 13:33; രള. 12:35). 16:16-ലെ ആദ്യപ്രയോഗം യേശുവിന്റെ മരണത്തോളം നീളുന്ന സമയത്തെ സൂചിപ്പിക്കുമ്പോൾ രണ്ടാമത്തെ പ്രയോഗം യേശുവിന്റെ മരണത്തിനപ്പുറത്തേക്കു വിരൽചൂണ്ടുന്നു. കൃത്യമായിപ്പറഞ്ഞാൽ, മരണത്തിനും ഉത്ഥിതന്റെ പ്രത്യക്ഷങ്ങൾക്കുമിടയ്ക്കുള്ള സമയമാണത്. പഴയനിയമത്തിൽ 'അല്പസമയം' എന്നത് പലപ്പോഴും തീവ്രമായ യുഗാന്തപ്രതീക്ഷയുടെയും ദൈവത്തിന്റെ പുതുയുഗപ്പിറവിയുടെയും കാലവിളംബത്തെയാണ് സൂചിപ്പിക്കുന്നത് (ഏശ 10:25; 26:20; 29:17). അതിനാൽ, ഉത്ഥാനവുമായി 'അല്പസമയ'ത്തെ ബന്ധിപ്പിക്കുന്നതിനോടു തനിക്കുള്ള വിയോജിപ്പു പ്രകടിപ്പിച്ചുകൊണ്ട് വിശുദ്ധ ആഗസ്തീനോസ് ഈ പ്രയോഗത്തെ യേശുവിന്റെ രണ്ടാംവരവിനുമുമ്പുള്ള സമയമായി കണ്ടു. ഇത്തരം വീക്ഷണം മുറുകെപ്പിടിക്കുന്നവരുടെ യുഗാന്തനിലപാടു ശരിതന്നെയാണ്. എന്നാൽ, ഈ പ്രയോഗത്തിന്റെ ഉത്ഥാനബന്ധം നിഷേധിക്കുന്നതിലാണു പിശക്. കാരണം, വി. യോഹന്നാന്റെ വീക്ഷണത്തിൽ 'സമയം' യേശുവിന്റെ മരണവും ഉത്ഥാനവും സ്വർഗാരോഹണവും സൂചിപ്പിക്കുന്നതോടൊപ്പം, യുഗാന്തത്തെയും ദൈവത്തിന്റെ പുതുയുഗാരംഭത്തെയും കുറിക്കുന്നുണ്ട്. ഈസ്റ്റർ ദിനത്തിൽ ഉത്ഥിതനെ കണ്ട ആദ്യ ശിഷ്യരുടെ അനുഭവങ്ങൾക്കും അതീതമായ പ്രസക്തിയാണ് ഉത്ഥാനപ്രത്യക്ഷങ്ങൾക്കുള്ളത് (രള. 16:22;20:17,23,29,31). വിലാപവും സന്തോഷവും മരണവുമായി ബന്ധപ്പെട്ട ക്രിയാപദങ്ങളാണ് കരയുക, വിലപിക്കുക എന്നിവ (11:31, 33; 20:11; ലൂക്കാ 7:13, 32; 8:52; 23:27; cf. Psd 22:10). ദുഃഖം ('ല്യൂപേ') സന്തോഷമായി ('ഖാറാ') മാറുമെന്ന വാഗ്ദാനം യേശു 'പ്രസവ'രൂപകത്തിലൂടെ വ്യക്തമാക്കിയിരിക്കുന്നു. ഏശ 26:17-ൽ ഈ രൂപകം ദൈവത്തിന്റെ രക്ഷ പ്രതീക്ഷിച്ചു കഴിയുന്ന ദൈവജനത്തിന്റെ അനുഭവത്തിനായി ഉപയോഗിച്ചിട്ടുണ്ട്. ഏശ 66:7-11-ൽ ഇതേ രൂപകം

ജറുസലേമിന്റെ പുനരുദ്ധാരണത്തിനായാണ് പ്രയോഗിച്ചിരിക്കുന്നത്. സഹനത്തിൽനിന്നു സന്തോഷത്തിലേക്കുള്ള ദൈവജനത്തിന്റെ നീക്കത്തെയാണ് ഇവ രണ്ടും പ്രകാശിപ്പിക്കുന്നത്. ദുഃഖം, സമയം, വേദന 21-ാം വാക്യത്തിൽ മൂന്നു കാര്യങ്ങൾ സവിശേഷപരിഗണനയർഹിക്കുന്നു. 'ല്യൂപേ' (ദുഃഖം) എന്ന ഗ്രീക്കുപദത്തിന്റെ ഉപയോഗം കൗതുകകരമാണ്. സ്ത്രീയുടെ പ്രസവവേദനയ്ക്കായി ഈ പദം പൊതുവെ ഉപയോഗിക്കാറില്ല. ശാരീരികം എന്നതിനെക്കാൾ വൈകാരികം ആണ് അതിന്റെ അർഥതലം. യേശുവിന്റെ അഭാവത്തിൽ ശിഷ്യർ അനുഭവിക്കാനിരിക്കുന്ന വൈകാരികവേദനയിലേക്കു നേരിട്ടു വിരൽചൂണ്ടുന്ന ഒരു പദപ്രയോഗമാണത്. രണ്ടാമതായി, സ്ത്രീയുടെ പ്രസവനിമിഷത്തെ യേശു വിശേഷിപ്പിക്കുന്നത് 'അവളുടെ സമയം' എന്നാണ്. ഇവിടെ 'സമയം' ('ഹോറാ') എന്ന പദം യേശുവിന്റെ പെസഹാരഹസ്യസമയത്തിന്റെയും (2:4; 8:20; 12:23; 13:1) യുഗാന്തത്തിന്റെ മുന്നാസ്വാദനസമയത്തിന്റെയും (4:21, 23; 5:25, 28) വ്യക്തമായ സൂചകമായി വർത്തിക്കുന്നു. മൂന്നാമതായി, പ്രസവവേദനയ്ക്കായി ഉപയോഗിച്ചിരിക്കുന്ന 'വേദന' എന്ന പദം ('ഥ്ളിപ്സിസ്') ദൈവരാജ്യത്തിനായി വിശ്വാസിസമൂഹം സഹിക്കാനിരിക്കുന്ന സഹനങ്ങൾക്കുവേണ്ടിയാണ് അപ്പോക്കലിപ്റ്റിക് പശ്ചാത്തലങ്ങളിൽ ഉപയോഗിക്കപ്പെട്ടിട്ടുള്ളത് (മത്താ 24:9, 21, 29; മർക്കോ 13:19, 24; അപ്പ 14:22; റോമാ 8:35). യേശുവിന്റെ മരണോത്ഥാനങ്ങളിലൂടെ സമൂഹം സ്വന്തമാക്കാൻ പോകുന്ന പുതുജന്മാനുഭവമാണ് പ്രസവരൂപകത്തിലൂടെ വ്യക്തമാകുന്നത്. ശിഷ്യർ ഒരു പുതിയ ജനമായി മാറും; പുതിയ ആനന്ദം അവർ അനുഭവിക്കും.യേശുവിന്റെ ഉത്ഥാനാനുഭവം ശിഷ്യർക്ക് വലിയ ആനന്ദനിമിഷമായിരിക്കും. മഗ്ദലേനാമറിയത്തിന്റെ കരച്ചിൽ അവസാനിച്ചതും (20:16) ശിഷ്യർ ആനന്ദിച്ചതും (20:20) ഉത്ഥിതദർശനത്തോടെയായിരുന്നല്ലോ. ഈയർഥത്തിൽ, യോഹന്നാന്റെ ഉത്ഥാനവിവരണങ്ങൾ, ഒരു വിധത്തിൽ, യേശുവിന്റെ വിടവാങ്ങൽ വാഗ്ദാനങ്ങളുടെ വിശ്വാസ്യതയ്ക്കുള്ള സാക്ഷ്യങ്ങളും കൂടിയാണ്. ഉത്ഥാനം സ്ഥായിയായ ആനന്ദത്തിലേക്കാണ് ശിഷ്യരെ നയിക്കുന്നത്: "ആ സന്തോഷം ആരും നിങ്ങളിൽനിന്ന് എടുത്തുകളയുകയില്ല". ഉത്ഥാനസന്തോഷം നമ്മുടെ ജീവിതത്തിൽ എത്രമാത്രം സ്ഥായീഭാവം പുലർത്തുന്നുണ്ട് എന്ന ചോദ്യം ഇന്നു നമ്മുടെ മനസ്സുകളിൽ ആവർത്തിച്ചു മുഴങ്ങട്ടെ.

# ദുഃഖം സന്തോഷമായി മാറും

ഡോ.ജോർജ് ദാനവേലിൽ

വിമാനത്താവളങ്ങളിലും പ്രധാന റെയിൽവേസ്റ്റേഷനുകളിലുമെല്ലാം പലപ്പോഴും കാണുന്ന ഒരു കാഴ്ചയാണു ജോലിസംബന്ധമായി ദൂരദേശങ്ങളിൽ താമസിക്കാൻ നിർബന്ധിതരാകുന്ന മാതാപിതാക്കൾ മക്കളോടു യാത്രപറഞ്ഞു തങ്ങളുടെ ജോലിസ്ഥലത്തേക്കു യാത്ര തിരിക്കുന്ന രംഗം. ഇത്തരം യാത്രപറച്ചിലുകൾ സാധാരണ വികാരനിർഭരമായിരിക്കും. പൊട്ടിക്കരയുന്ന മക്കളോടു മാതാപിതാക്കൾ മക്കളുടെ പ്രായത്തിനനുസരിച്ചു കാര്യങ്ങൾ പറഞ്ഞു ബോധ്യപ്പെടുത്താൻ ശ്രമിക്കും. കൊച്ചുകുട്ടികളോടു പലപ്പോഴും പറയുക അവർ ജോലിസ്ഥലത്ത് എത്തിയശേഷം അയച്ചുകൊടുക്കാനിരിക്കുന്ന സമ്മാനങ്ങളെക്കുറിച്ചാകാം. മുതിർന്ന കുട്ടികളോടു പറയുക അവരുടെ പഠനത്തിനും ഭാവിജീവിതത്തിനും ധാരാളം പണം ആവശ്യമാണ്, അതിനായിട്ടാണ് തങ്ങൾ കഷ്ടപ്പെടുന്നത്, നിങ്ങൾ കരയരുത്, ഉടനെ തിരിച്ചു വരും എന്നൊക്കെയാവാം. ഇതൊക്കെ അനുദിനജീവിതത്തിൽ നാം കാണുന്ന കാഴ്ചകളാണ്.

യോഹന്നാന്റെ സുവിശേഷം 16-ാം അദ്ധ്യായം 16 മുതൽ 24 വരെയുള്ള ഭാഗങ്ങളിൽ നാം കാണുക വേദന നിറഞ്ഞ വികാരനിർഭരമായൊരു വേർപാടിന്റെ ഒരുക്കമാണ്. ഭൂമിയിൽ തന്റെ ജോലി പൂർത്തിയാക്കാൻ ഇനി അധികസമയമില്ല എന്നു മനസ്സിലാക്കിയ ഈശോ തന്റെ പീഡാസഹനവും മരണവും ഉയിർപ്പുമെല്ലാം ശിഷ്യന്മാരെ പറഞ്ഞു പഠിപ്പിക്കുകയാണ്. തന്റെ വേർപാടിനെക്കുറിച്ച് ഈശോ മുൻകൂട്ടി പറഞ്ഞുവെങ്കിലും ശിഷ്യന്മാർക്ക് അതുൾക്കൊള്ളുവാൻ സാധിച്ചില്ല. മരിച്ച ലാസറിനെ ഉയിർപ്പിച്ച നാഥൻ കേവലം 33-ാം വയസ്സിൽ മരിക്കുമെന്നോ, കൊല്ലപ്പെടുമെന്നോ വിശ്വസിക്കാൻ ശിഷ്യസമൂഹത്തിനു സാധിക്കുന്നില്ല. അർത്ഥം പൂർണ്ണമായി ഉൾക്കൊള്ളാൻ സാധിച്ചില്ലെങ്കിലും ഗുരു തങ്ങളിൽനിന്നു വേർപെടുകയാണെന്ന് അവർ മനസ്സിലാക്കി. ഈ അറിവ് അവരെ ദുഃഖിതരാക്കുന്നു. തങ്ങളുടെ ഗുരുനാഥൻ സ്ഥാപിക്കുന്ന രാജ്യത്തിൽ ഉന്നതസ്ഥാനങ്ങൾ സ്വപ്നം കണ്ടിരുന്ന ശിഷ്യഗണങ്ങൾക്കു തങ്ങളുടെ സ്വപ്നങ്ങൾ വിടരാതെ വാടിക്കൊഴിയുന്നു എന്ന അറിവും അസ്വസ്ഥതയ്ക്കു കാരണമായി.

മനുഷ്യജീവിതത്തിലെ ഒരു സാധാരണസംഭവത്തെ ചൂണ്ടിക്കാട്ടി തന്റെ വേർപാടിനെക്കുറിച്ചു വിശദീകരിക്കുകയാണ് ഈശോ. സ്ത്രീയുടെ പ്രസവവേദനയോടാണു തന്റെ വേർപാടിനെ അവിടുന്നു താരതമ്യം ചെയ്യുക. പ്രസവവേദന ആരംഭിക്കുമ്പോൾ സ്ത്രീ ദുഃഖിതയാകുന്നു. എന്നാൽ മക്കളെ ദൈവാനുഗ്രഹത്തിന്റെ അടയാളമായി കണക്കാക്കിയിരുന്ന യഹൂദസമൂഹത്തിൽ താൻ ഒരു കുഞ്ഞിന്റെ അമ്മയായി എന്ന അറിവ് പ്രസവവേദനയെ മറക്കാൻ സ്ത്രീയെ പ്രേരിപ്പി

ക്കുന്നു. പിന്നീടൊരിക്കലും ആ വേദന അവൾ ഓർക്കുന്നുമില്ല, തന്റെ വേർപാടും ഇതുപോലെയാണെന്നാണ് ഈശോ പറയുക.

"നിങ്ങൾ കരയുകയും വിലപിക്കുകയുംചെയ്യും, എന്നാൽ ലോകം സന്തോഷിക്കും. നിങ്ങൾ ദുഃഖിതരാകും എന്നാൽ നിങ്ങളുടെ ദുഃഖം സന്തോഷമായി മാറും"(യോഹ.16:21). ദുഃഖവെള്ളിയിൽ ഈശോയുടെ സ്നേഹിതരും ശിഷ്യഗണവും കരയുകയും വിലപിക്കുകയും ചെയ്തു. എന്നാൽ തങ്ങളുടെ ശത്രുവിനെ വധിച്ചതിന്റെ ആനന്ദലഹരിയിലായിരുന്നു ലോകം. "എന്റെ ദൈവമേ, എന്റെ ദൈവമേ എന്തുകൊണ്ടു നീയെന്നെ ഉപേക്ഷിച്ചു" എന്ന നിലവിളി കേട്ടപ്പോൾ ദൈവം പോലും ഉപേക്ഷിച്ചവനെ ഇനി പരിഗണിക്കേണ്ട എന്നു ലോകം വിധിച്ചു. "നിങ്ങൾ കരയുകയും വിലപിക്കുകയും ചെയ്യും, എന്നാൽ ലോകം സന്തോഷിക്കും" എന്ന ഈശോയുടെ വാക്ക് ദുഃഖവെള്ളിയിൽ നിറവേറി. ദുഃഖവെള്ളി കടന്നുപോയി ഉയിർപ്പു ഞായർ വന്നപ്പോൾ ഈശോയുടെ വാക്ക് പൂർണ്ണമായി, 'നിങ്ങളുടെ ദുഃഖം സന്തോഷമായി മാറും' എന്ന വാക്ക്.

സമാധാനമില്ലാതെ ഭീതിയും ആകുലതയുമായി മുറിക്കുള്ളിൽ കയറി കതകടച്ചിരുന്നവരുടെ ഇടയിൽ നാഥൻ സമാധാനസന്ദേശവുമായി പ്രത്യക്ഷനായി, സഹായകനെ വാഗ്ദാനം ചെയ്തു. എന്തു ചെയ്യണമെന്നറിയാതെ പഴയ തൊഴിലുകളിലേക്കുപോലും മടങ്ങാൻ തയ്യാറെടുത്തവർക്കു പുതിയ ദൗത്യം നാഥൻ നല്കി. ഉത്ഥിതന്റെ കൈകളിലെ ആണിപ്പഴുതുകളിൽ വിരൽ ഇടണമെന്ന് ശാഠ്യം പിടിച്ച ശിഷ്യന് അതിനുള്ള അവസരംപോലും ലഭിച്ചു. ഇങ്ങനെ ശിഷ്യഗണം ആനന്ദത്തിലാറാടിയപ്പോൾ ലോകം അസ്വസ്ഥമാവുകയായിരുന്നു. വി.യോഹന്നാന്റെ സുവിശേഷത്തിൽ 'ലോകം' എന്ന പദംകൊണ്ടു സാത്താന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുവന്നവരും ഈശോയുടെ ദൈവത്വം അംഗീകരിക്കാത്തവരുമായ മനുഷ്യരെയാണു സൂചിപ്പിക്കുന്നത്. വേദനയെയും സഹനത്തെയും ഭാവാത്മകമായി സ്വീകരിക്കാൻ തയ്യാറാകുന്ന ക്രൈസ്തവന്റെ ജീവിതത്തിലും ഈശോയുടെ ജീവിതത്തിൽ സംഭവിച്ചതുപോലെ തന്നെ സംഭവിക്കും. രാത്രിയുടെ ഇരുണ്ട യാമങ്ങളിലൂടെ കടന്നുപോകുമ്പോഴും പ്രഭാതത്തെ പ്രത്യാശയോടെ കാത്തിരിക്കാൻ സാധിക്കുന്നതുപോലെ വേദനയുടെ സഹനത്തിന്റെ നിമിഷങ്ങളിലും പ്രത്യാശയോടെ ഭാവിയെ കാത്തിരിക്കാൻ നമുക്കും കഴിയണം. 'ഇന്നു നിങ്ങൾ ദുഃഖിക്കും, പക്ഷേ ആ ദുഃഖം സന്തോഷമായി മാറും' എന്ന നാഥന്റെ വാക്കിൽ നമുക്ക് ആശ്വാസം കണ്ടെത്താൻ കഴിയണം.

ഗ്രീക്കുപിതാക്കന്മാരുടെ വീക്ഷണത്തിൽ 'അല്പം കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണും' എന്നതിലൂടെ അർത്ഥമാക്കുക, ഉത്ഥിതനായ യേശുവിന്റെ പ്രത്യക്ഷപ്പെടലുകളാണ്. ദുഃഖിതരായിരുന്ന ശിഷ്യന്മാരുടെ ദുഃഖമെല്ലാം മാറുമെന്നും ചോദിക്കുന്നതെല്ലാം ലഭിക്കുമെന്നും ആരും എടുത്തുകളയാത്ത, എന്നും നിലനിൽക്കുന്ന സന്തോഷം നല്കുമെന്നുമെല്ലാം ഈശോ പറയുമ്പോൾ ഇതിനടിസ്ഥാനമായി നിലകൊള്ളുക 'ഞാൻ വീണ്ടും നിങ്ങളെ കാണും' എന്ന പ്രസ്താവനയാണ്.

ഉത്ഥിതനായ ഈശോ ആർക്കൊക്കെ പ്രത്യക്ഷനായോ അവർ ഈ സന്തോഷം അനുഭവിക്കുന്നതായാണു സുവിശേഷത്തിൽ നാം കാണുക. മഗ്ദലനമറിയത്തിന്റെയും അപ്പസ്തോലസമൂഹത്തിന്റെയും എമ്മാവൂസിലേക്കുപോയ ശിഷ്യരുടെയുമൊക്കെ ജീവിതം നമുക്കു വ്യക്തമാക്കിത്തരിക ഈ സത്യമാണ്.

നാമൊക്കെ ജീവിതത്തിൽ സന്തോഷമാഗ്രഹിക്കുന്നവരാണ്. സന്തോഷത്തിന്റെ നിമിഷത്തിൽ ഓർക്കും ഈ നിമിഷങ്ങൾ ഒരിക്കലും അവസാനിക്കാതിരുന്നെങ്കിൽ, ഈ സന്തോഷം ആരും ഒരിക്കലും, എടുത്തുകളയാതിരുന്നെങ്കിൽ എന്ന്. ലോകവും ലോകവസ്തുക്കളും നല്കുന്ന

സന്തോഷം നൈമിഷികസന്തോഷമാണെന്നു മറക്കാതിരിക്കാം. ഒരിക്കലും അവസാനിക്കാത്ത, ആർക്കും എടുത്തുകൊണ്ടു പോകാനാവാത്ത സന്തോഷം പ്രദാനം ചെയ്യാൻ ഉത്ഥിതനു മാത്രമേ കഴിയൂ. ഉത്ഥിതനായ ഈശോ എന്ന് എനിക്ക് അനുഭവവേദ്യമാകുന്നുവോ അന്നാണ് എനിക്ക് യഥാർത്ഥ സന്തോഷമനുഭവിക്കാൻ കഴിയുക. ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം ഉത്ഥാനാനുഭവം സ്വന്തമാക്കാൻ സാധിക്കണം. അപ്പോൾ നമ്മുടെ ദുഃഖങ്ങൾ അവിടുന്നു സന്തോഷമായി മാറ്റുക തന്നെ ചെയ്യും.

SMCC-VACHANAVEDI http://www.syromalabarcatechesis.org

# ഞങ്ങൾക്ക് അതു മതി

ഫാ. ജോഷി മയ്യാറ്റിൽ

**ഭൂ**മിയിൽ രക്ഷകൻ ആദ്യമായി കൺതുറന്നപ്പോൾ ആകാശം നിറയെ നക്ഷത്രങ്ങൾ മിഴി തുറന്നു. കുരുശിൽ രക്ഷകൻ കണ്ണടച്ചപ്പോൾ എങ്ങും ഇരുൾ പരന്നു. ശവകുടീരത്തിന്റെ ഗുഹാമുഖം കല്ലു വച്ചടച്ചു മുദ്രയും വച്ചപ്പോൾ അതു കൂരാക്കൂരിരുട്ടു നിറഞ്ഞതായി. പക്ഷേ, മുൻപേ പോയ സകല ഇരുളുകളെയും ഒഴിഞ്ഞ കല്ലറയുടെ പൊന്നൊളി നിഷ്പ്രഭമാക്കി. ''അവനിൽ ജീവനുണ്ടായിരുന്നു. ആ ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു. ആ വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു. അതിനെ കീഴടക്കാൻ ഇരുളിനു കഴിഞ്ഞില്ല'' (യോഹ: 4-5). ഉയിർപ്പുകാലം നാലാം ഞായറാഴ്ചയിലെ ആരാധനക്രമ തിരുവചനങ്ങൾ ദൈവകാരുണ്യത്തിന്റെ പൊന്നൊളിയാണ് പ്രകാശിപ്പിക്കുന്നത്. വിപ്രവാസത്തിൽ പോയ ഇസ്രായേൽക്കാരെ തിരികെ ജറുസലേമിലേക്കു താൻ കൊണ്ടുവരുമെന്ന ദൈവത്തിന്റെ സുന്ദര വാഗ്ദാനം ഏശയ്യ 49:13-23ലൂടെ നാം ശ്രവിക്കുന്നു. തന്റെ ജനത്തെ ആശ്വസിപ്പിക്കുന്ന ദൈവത്തെ നാമവിടെ കണ്ടുമുട്ടുന്നു. ''മുലകുടിക്കുന്ന കുഞ്ഞിനെ അമ്മയ്ക്കു മറക്കാനാവുമോ? പുത്രനോടു പെറ്റമ്മ കരുണ കാണിക്കാതിരിക്കുമോ? അവൾ മറന്നാലും ഞാൻ നിന്നെ മറക്കുകയില്ല. ഇതാ, നിന്നെ

ഞാൻ എന്റെ ഉള്ളം കൈയിൽ രേഖപ്പെടുത്തിയിരിക്കുന്നു" എന്ന് സീയോനോടു പറയുന്ന കർത്താവ് കരുണയുടെ മൂർത്തീഭാവമാണ്. അവൾക്കുതന്നെ അതിശയം തോന്നുമാറ് സീയോനെ ദൈവം പുനരുദ്ധരിക്കുമെന്ന ഉറപ്പ് വെറുമൊരു പട്ടണത്തെക്കുറിച്ചുള്ളതല്ല. അതു പ്രവചനാത്മകമാണ്. പാപത്തിന്റെ അടിമത്തത്തിലായിപ്പോയ മനുഷ്യകുലത്തെ പുനരുദ്ധരിക്കുന്ന ക്രിസ്തുവിന്റെ പെസഹാരഹസ്യങ്ങളിലേക്കുള്ള സൂചനയാണത്. എഫേസോസുകാർക്കുള്ള ലേഖനത്തിൽനിന്നുള്ള വായന ഈ ആശയം വിപുലീകരിക്കുന്നു: "നമ്മൾ പാപം വഴി മരിച്ചവരായിരുന്നിട്ടും കരുണാസമ്പന്നനായ ദൈവം നമ്മോടു കാണിച്ച മഹത്തായ സ്നേഹത്താൽ, ക്രിസ്തുവിനോടു കൂടെ നമ്മെ ജീവിപ്പിച്ചു; കൃപയാൽ നിങ്ങൾ രക്ഷിക്കപ്പെട്ടു". കരുണയുടെ ക്രിസ്തുഗാഥയാണു രക്ഷാചരിത്രം. ഇരുളും വെളിച്ചവും, കരച്ചിലും സന്തോഷവും, വിലാപവും ആർപ്പുവിളിയും ഈ ക്രിസ്തുഗാഥയുടെ ചേരുവകളാണ്. വി. യോഹന്നാന്റെ സുവിശേഷത്തിലെ യേശുവിന്റെ അന്ത്യപ്രഭാഷണത്തിന്റെ അന്ത്യഭാഗത്തിൽ നിന്നാണു നാം വായിച്ചു കേൾക്കുന്നത്. പാപികളെ രക്ഷിക്കാനായി മരണത്തിലൂടെയുള്ള തന്റെ താത്കാലിക വേർപാടിനെക്കുറിച്ചും ഉത്ഥാനത്തിലൂടെയുള്ള തന്റെ പുനഃസമാഗമത്തെക്കുറിച്ചും സൂചന നല്കുകയാണ് ഈശോ. "അല്പസമയം കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണുകയില്ല. വീണ്ടും അല്പസമയം കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണും" എന്ന യേശുവിന്റെ വചനം ഗ്രഹിക്കാനാവാതെ അസ്വസ്ഥരാകുന്ന ശിഷ്യരെ നാം അവിടെ കാണുന്നു. 'അല്പസമയം' എന്നതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നതെന്ന് അവർക്കു മനസ്സിലാകുന്നില്ല. ഇരുളിന്റെയും വെളിച്ചത്തിന്റെയും സമയമാണതെന്ന് നമുക്കറിയാം. അല്പസമയത്തേക്ക് ലോകത്തെ കീഴടക്കിയതായി തോന്നിച്ച ഇരുൾ എന്നന്നേക്കുമായി നീങ്ങിപ്പോയതിന്റെ തീവ്രാനുസ്മരണത്തിലാണല്ലോ നാം ഇപ്പോൾ. അന്ന് ഇരുൾ പരന്നപ്പോൾ 'ലോകം' സന്തോഷിച്ചു. തങ്ങളുടെ പദ്ധതികൾ വിജയിച്ചെന്നും രക്ഷകൻ നിഷ്കാസിതനായെന്നും അവർ വിശ്വസിച്ചുകാണും. കാര്യമായിത്തന്നെ ആ വിജയം അവർ ആഘോഷിച്ചിട്ടുണ്ടാവും. എന്നാൽ അപ്പസ്തോലമനസ്സുകൾ കലങ്ങിമറിയുകയായിരുന്നു. അല്പ സമയത്തേക്ക് കരയുകയും വിലപിക്കുകയും ചെയ്ത അവർ, പിന്നീട് സന്തോഷിക്കുകതന്നെ ചെയ്തു. "കർത്താവിനെ കണ്ട ശിഷ്യന്മാർ സന്തോഷിച്ചു" എന്ന് 20:20ൽ യോഹന്നാൻ സുവിശേഷകൻതന്നെ കുറിച്ചുവച്ചിട്ടുണ്ടല്ലോ.

യേശുവിന്റെ പീഡാസഹനവും മരണവും അപ്പസ്തോലമനസ്സുകളിൽ ഉളവാക്കിയ വലിയ വേദനയ്ക്കുള്ള സമ്മാനമായി ഈശോയുടെ ഉത്ഥാനത്തെ സുവിശേഷകൻ 21-22 വാക്യങ്ങളിൽ വിവരിച്ചിരിക്കുന്നത് ഏറെ കൗതുകകരമായിരിക്കുന്നു: "സ്ത്രീക്കു പ്രസവവേദന

ആരംഭിക്കുമ്പോൾ അവളുടെ സമയം വന്നതുകൊണ്ട് അവൾക്കു ദുഃഖം ഉണ്ടാകുന്നു. എന്നാൽ ശിശുവിനെ പ്രസവിച്ചു കഴിയുമ്പോൾ ഒരു മനുഷ്യൻ ലോകത്തിൽ ജനിച്ചതുകൊണ്ടുള്ള സന്തോഷം നിമിത്തം ആ വേദന പിന്നീടൊരിക്കലും അവൾ ഓർമ്മിക്കുന്നില്ല. അതുപോലെ നിങ്ങളും ഇപ്പോൾ ദുഃഖിതരാണ്. എന്നാൽ, ഞാൻ വീണ്ടും നിങ്ങളെ കാണും. അപ്പോൾ നിങ്ങളുടെ ഹൃദയം സന്തോഷിക്കും''. ഒരു സ്ത്രീയുടെ പ്രസവവേദനയോടാണ് ശിഷ്യന്മാരുടെ ഇപ്പോഴുള്ള ദുഃഖത്തെയും വരാനിരിക്കുന്ന സന്തോഷത്തെയും ഈശോ ഉപമിക്കുന്നത്. ഉത്ഥാനത്തെ ഒരു ശിശുവിന്റെ ജനനത്തോട് ഉപമിച്ചിരിക്കുന്ന ഈ ഭാഗം വെളിപാടുപുസ്തകം 12-ാം അധ്യായത്തെയാണ് അനുസ്മരിപ്പിക്കുന്നത്. അവിടെ സഭയെയാണ് 'സ്ത്രീ' പ്രതിനിധാനം ചെയ്യുന്നത്. ഒപ്പം, ഒരു മരിയൻ സൂചനയും അതിലുണ്ട്. സഭയുടെ പ്രതീകമാണല്ലോ മറിയം. ഏഷ്യാമൈനറിലെ സഭകളുടെ പീഡനങ്ങൾ അവരുടെയിടയിലെ ഉത്ഥിതസാന്നിധ്യത്തിനുള്ള ഈറ്റുനോവുകളാണെന്ന വ്യംഗ്യാർത്ഥമാവില്ലേ വെളിപാടുഗ്രന്ഥം ഉൾക്കൊള്ളുന്നത്? ഈശോയുടെ സഹനത്തിൽ പങ്കാളികളാകുന്ന ശിഷ്യരുടെ സഹനത്തിനും ഉത്ഥിതനു ജന്മം കൊടുക്കുന്ന പ്രക്രിയയിൽ സ്ഥാനമുണ്ട്. ഇറാഖിലും സിറിയയിലും ലെബനോനിലും ഈജിപ്തിലും പാക്കിസ്ഥാനിലുമൊക്കെ സംഭവിക്കുന്നത് ഈ ഈറ്റുനോവാണ്! ദൈവകരുണയുടെ കതിരൊളിയായി ഉത്ഥാനപ്രഭയെ വിവരിക്കുമ്പോൾ ഈ പ്രഭ വിശ്വാസിയുടെ ഈറ്റുനോവിലൂടെയും സംഭവ്യമാകുന്നു എന്ന തിരിച്ചറിവാണ് ഇന്നത്തെ വായനകൾ നമുക്കു തരുന്നത്. ഇത് ഒരു വെല്ലുവിളികൂടിയാണെന്നു തിരിച്ചറിയുക: ''നാം ദൈവത്തിന്റെ കരവേലയാണ്; നാം ചെയ്യാൻ വേണ്ടി ദൈവം മുൻകൂട്ടി ഒരുക്കിയ സത്പ്രവൃത്തികൾക്കായി യേശുക്രിസ്തുവിൽ സൃഷ്ടിക്കപ്പെട്ടവരാണ്'' (എഫേ. 2:10).

SMCC-VACHANAVEDI http://www.syromalabarcatechesis.org

## നിത്യസന്തോഷം ഉത്ഥാനസന്തോഷം

ഡോ. ജേക്കബ് മുള്ളൂർ

ഈ ലോകത്തിലെ ഒരു സന്തോഷവും ശാശ്വതമല്ല. വിടർന്ന പൂവ് സന്തോഷം തരും, പക്ഷേ അതു വാടാതിരിക്കില്ലല്ലോ. പുതുനാമ്പുകൾ ആനന്ദിപ്പിക്കും. എന്നാൽ ആ ഇലകളും പൊഴിയും. ശാശ്വതമായ സന്തോഷം തരുന്നത് ഈ ശൂന്യവൽക്കരണത്തെ അതിജീവിച്ചുകഴിയുമ്പോഴാണ്.

തീവ്രമായ ഗുരു - ശിഷ്യബന്ധത്തിന്റെ വികാരങ്ങൾ മുറ്റിനിൽക്കുന്ന വിടവാങ്ങൽ ചിന്തകളാണു വചനഭാഗത്തുള്ളത്. അന്ത്യത്താഴവേളയിൽ തന്റെ വേർപാടുമൂലം വന്നു

ഭവിക്കാവുന്ന സങ്കടവും അതിനെ അതിജീവിക്കാനുള്ള വാഗ്ദാനങ്ങളും നൽകി, ശിഷ്യന്മാരെ ശക്തിപ്പെടുത്തുകയാണ് ഈശോ. അതിനായി വചനത്തിന്റെ പിൻബലം ആദ്യവായനകളിൽ നമുക്കു ലഭിക്കുന്നുണ്ട്. ദൈവത്തിന്റെ സ്വന്തം ജനമായ ഇസ്രായേൽമക്കൾ ബാബിലോണിൽ പ്രവാസികളായി കഴിഞ്ഞ കാലഘട്ടം (ബി.സി 587- 537) ദൈവവുമായുള്ള ബന്ധത്തെ അവർ വിചിന്തനം ചെയ്ത കാലയളവായിരുന്നു. ദൈവം തങ്ങളെ ഉപേക്ഷിച്ചോ എന്നു സന്ദേഹിച്ചവരോട് പ്രവാചകനിലൂടെ അവിടുന്നു നൽകുന്ന ഉത്തരം, പരിത്യക്തതയുടെ, വേദനയുടെ, പീഡനത്തിന്റെ പാതയിലൂടെ കടന്നു പോകുന്നവർക്ക് ആശ്വാസവും സന്ദേശവും ഉറപ്പും ആണ്.‘‘മുലകുടിക്കുന്ന കുഞ്ഞിനെ അമ്മയ്ക്കു മറക്കാനാകുമോ? പുത്രനോട് അമ്മ കരുണ കാണിക്കാതിരിക്കുമോ? അവർ മറന്നാലും ഞാൻ നിന്നെ മറക്കുകയില്ല. ഇതാ! നിന്നെ ഞാൻ എന്റെ ഉള്ളം കൈയിൽ രേഖപ്പെടുത്തിയിരിക്കുന്നു.’’ (ഏശയ്യ. 49: 15-16). മനുഷ്യബന്ധങ്ങളുടെ ഏറ്റവും ശക്തവും ഊഷ്മളവുമായ ഒന്നാണ് അമ്മയും കുഞ്ഞും തമ്മിലുള്ളത്. അതിനേക്കാൾ ശക്തവും ആഴമേറിയതുമാണ് മനുഷ്യനും ദൈവവും തമ്മിലുള്ളത് എന്ന സത്യം ഓർമ്മിക്കുന്ന വചനങ്ങളാണത്.

രണ്ടാമത്തെ വായനയിൽ പൗലോസ് അപ്പസ്തോലൻ അത് അരക്കിട്ടുറപ്പിക്കുന്നുണ്ട്. ‘‘വിശ്വാസം വഴി കൃപയാലാണ് നിങ്ങൾ രക്ഷിക്കപ്പെട്ടത്. അതു നിങ്ങൾ നേടിയെടുത്തതല്ല ദൈവത്തിന്റെ ദാനമാണ്. നാം ദൈവത്തിന്റെ കരവേലയാണ്’’ (എഫേ. 2: 8-9). ദൈവത്തിന്റെ നിരന്തരമായ പരിപാലനയും കരുതലും ഓരോ മനുഷ്യനോടും കൂടെയുണ്ട്. അതു തിരിച്ചറിയണമെങ്കിൽ ഉത്ഥാനം ചെയ്ത യേശുവിൽ വിശ്വസിക്കുകതന്നെ വേണം. സുവിശേഷത്തിൽ തന്റെ വേർപാടിന്റെ ശൂന്യത കടന്നുപോകാൻ യേശു ശിഷ്യരെ ശക്തിപ്പെടുത്തുന്നത് ഈ വിശ്വാസത്തിലേക്കു ക്ഷണിച്ചുകൊണ്ടാണ്. ‘ദുഃഖം സന്തോഷമായി മാറും’ എന്നതാണ് പ്രമേയം. ദുഃഖം ഇല്ലാതാകുമെന്നല്ല ദുഃഖത്തിനു സന്തോഷമായി രൂപാന്തരീകരണം ഉണ്ടാകും എന്നാണ്. ദുഃഖത്തിലൂടെ കടന്നാലേ സന്തോഷം അനുഭവിക്കാൻ സാധിക്കൂ എന്നു സാരം. കുരിശും മരണവും ഒഴിവാക്കിയിട്ട് ഇവിടെ ആർക്കും സന്തോഷത്തിലെത്താനാവില്ല. ഈ ലോകത്തിലെ ഒരു സന്തോഷവും ശാശ്വതമല്ല. വിടർന്ന പൂവ് സന്തോഷം തരും, പക്ഷേ അതു വാടാതിരിക്കില്ലല്ലോ. പുതുനാമ്പുകൾ ആനന്ദിപ്പിക്കും. എന്നാൽ ആ ഇലകളും പൊഴിയും. ശാശ്വതമായ സന്തോഷം തരുന്നത് ഈ ശൂന്യവൽക്കരണത്തെ അതിജീവിച്ചുകഴിയുമ്പോഴാണ്. അതുകൊണ്ടാണ് യേശു പറഞ്ഞത് ‘എന്നാൽ ഞാൻ വീണ്ടും നിങ്ങളെ കാണും. അപ്പോൾ നിങ്ങളുടെ ഹൃദയം സന്തോഷിക്കും. നിങ്ങളുടെ ആ സന്തോഷം ആരും നിങ്ങളിൽനിന്ന് എടുത്തുകളയുകയില്ല.’ (യോഹ. 16: 22). പ്രസവവേദനയിലൂടെ കടന്നു പോകുന്ന സ്ത്രീയുടെ ചിത്രം വരച്ചുകാണിച്ച് യേശുവിന്റെ ഉത്ഥാനാനുഭവത്തിന്റെ, സന്തോഷത്തിന്റെ അനന്യത അവിടുന്നു പ്രകടമാക്കുന്നു.

പത്രോസ് യേശുവിനെ തള്ളിപ്പറഞ്ഞു നഷ്ടപ്പെടുത്തുമ്പോഴും യേശുവിന്റെ കണ്ണു പത്രോസിലാണ്. ഇന്നും നമ്മുടെ ദുഃഖം ദൈവത്തെ നഷ്ടപ്പെടുന്നതാണ്. തമ്പുരാൻ ഒരിക്കലും നമ്മളിൽ നിന്ന് അകന്നു പോകുന്നില്ല എന്ന സത്യം ഓർമ്മിപ്പിക്കുകയാണ് യേശു. നമ്മുടെ സന്തോഷം നിലനിർത്താനുള്ള ഏക വഴി തമ്പുരാൻ നമ്മുടെ കൂടെയുണ്ടെന്ന ചിന്തയാണ്. നാം ദൈവത്തെ നഷ്ടപ്പെടുത്തിയാലും ദൈവം നമ്മെ കൈവിടുന്നില്ല. ഉത്ഥാനസന്തോഷം ശാശ്വതസന്തോഷം തന്നെ ..........

SMCC-VACHANAVEDI http://www.syromalabarcatechesis.org

# ദുഃഖത്തിന്റെ പാനപാത്രം കർത്താവെന്റെ കൈയ്യിൽ തന്നാൽ

റവ.ഫാ.കുര്യൻ മറ്റം

**'ദുഃഖത്തിന്റെ പാനപാത്രം**
**കർത്താവെന്റെ കൈയിൽ തന്നാൽ**
**സന്തോഷത്തോടതു വാങ്ങി**
**ഹല്ലേലൂയാ പാടീടും ഞാൻ**
**ദോഷമായിട്ടൊന്നും എന്നോ-**
**ടെന്റെ താതൻ ചെയ്യുകില്ല.**
**അവനെന്നെ അടിച്ചാലും**
**അവനെന്നെ സ്നേഹിക്കുന്നു''**

മാർത്തോമ്മാസഭയിലെ സുവിശേഷ പ്രഘോഷകനായിരുന്ന സാധുകൊച്ചുകുഞ്ഞ് ഉപദേശി (1883–1945) തന്റെ പ്രിയമകന്റെ ആകസ്മികമായ മരണത്തിൽ വേദനിച്ച് നുറുങ്ങിയ മനസ്സോടെ 100 കൊല്ലം മുമ്പ് എഴുതിയ ഗാനത്തിന്റെ ആദ്യവരികളാണ് മേലുദ്ധരിച്ചത്. ഈ ലോകത്തിലെ ദുഃഖദുരിതങ്ങൾക്കപ്പുറം ഒളിമങ്ങാത്ത മഹത്ത്വത്തിന്റെ അനശ്വരജീവിതം മുന്നിൽക്കണ്ടുകൊണ്ടു ജീവിക്കുന്നവർക്കു മാത്രമേ ഇങ്ങനെ ഏറ്റുപറയാൻ സാധിക്കുകയുള്ളൂ.

ഈശോ തന്റെ പീഡാനുഭവത്തിനുതൊട്ടുമുമ്പ് തന്റെ പുനരുത്ഥാനത്തിലൂടെ ശിഷ്യർക്കു ലഭിക്കാനിരിക്കുന്ന അനശ്വരസൗഭാഗ്യത്തെ അനുസ്മരിപ്പിച്ചുകൊണ്ടുപറഞ്ഞു. ''നിങ്ങൾ കരയുകയും വിലപിക്കുകയും ചെയ്യും; എന്നാൽ ലോകം സന്തോഷിക്കും. നിങ്ങൾ ദുഃഖിതരാകും; എന്നാൽ നിങ്ങളുടെ ദുഃഖം സന്തോഷമായി മാറും'' (യോഹ. 16:20,21). ക്രിസ്തുശിഷ്യന്റെ സഹനം

ഗർഭിണിയുടെ പ്രസവവേദനപോലെയാണ്. കുഞ്ഞ് ജനിച്ചുകഴിയുമ്പോൾ വേദന മറന്ന് അവൾ സന്തോഷവതിയായി മാറുന്നു. നമ്മുടെ ജീവിതത്തിലെ കുരിശുകൾ വലുതായിത്തീരുന്നത് ദൈവം നമുക്കായി കരുതിവച്ചിരിക്കുന്ന വലിയ ഭാഗ്യത്തെക്കുറിച്ചു നിശ്ചയം പോരാതെ വരുമ്പോഴാണ്. ആർക്കാണ് ഒരു കച്ചവടം നഷ്ടമായി തോന്നുന്നത്? അഞ്ചു സെന്റ് സ്ഥലം അഞ്ചു കോടിക്കു വാങ്ങിയാൽ അതു നഷ്ടമാകാം. എന്നാൽ അതിൽ ഒരു നൂറു കോടിയുടെ നിധി ഒളിഞ്ഞിരിപ്പുണ്ടെങ്കിലോ? അതു ലാഭമാണ്. സഹനത്തിന്റെ മൂല്യത്തെക്കുറിച്ച് റോമാ ലേഖനത്തിൽ പൗലോസ് പറയുന്നു: ''നമുക്കു വെളിപ്പെടാനിരിക്കുന്ന മഹത്ത്വത്തോടു തുലനം ചെയ്യുമ്പോൾ ഇന്നത്തെ കഷ്ടതകൾ നിസ്സാരമാണെന്നു ഞാൻ കരുതുന്നു'' (റോമ. 8:18). വരാൻ പോകുന്ന അനശ്വരമായ സൗഭാഗ്യത്തെക്കുറിച്ചുള്ള കാഴ്ചപ്പാടാണ് നമുക്കു കൈമോശം വന്നിരിക്കുന്നത്. നിത്യതയുടെ കാഴ്ചപ്പാടിൽ ഈ ലോകത്തിലെ സഹനങ്ങളെ കാണാനാണ് വി.പൗലോസും നമ്മെ നിർബന്ധിക്കുന്നത്: ''ഞങ്ങളുടെ ക്ലേശങ്ങൾ നിസാരവും ക്ഷണികവുമാണ്. അവയുടെ ഫലമോ അനുപമമായ മഹത്ത്വവും'' (2 കൊറി. 4:17).

പാപം മരണവും (റോമ. 6:23) അടിമത്തവും (യോഹ. 8:34) ആണെങ്കിൽ അതിൽനിന്നുള്ള വിടുതലും വിമോചനവുമാണ് പ്രായോഗികജീവിതത്തിൽ പുനരുത്ഥാനത്തിന്റെ ജീവിതം. ഇതു പരിശുദ്ധാത്മാവിലുള്ള ജീവിതമാണ്. അപ്പോൾ 'ആത്മാവിന്റെ ഫലങ്ങളായ സ്നേഹം, ആനന്ദം, സമാധാനം...' (ഗലാ. 5:22) എന്നിവ ജീവിതത്തിൽ നിറയും. അവികലവും നിലനില്ക്കുന്നതുമായ സന്തോഷം ഈ പുതുജീവിതത്തിന്റെ പ്രത്യേകതയാണ്. ''നിങ്ങളുടെ ആ സന്തോഷം ആരും നിങ്ങളിൽനിന്ന് എടുത്തുകളയുകയില്ല'' (യോഹ.16:22). ഇതു സ്വർഗ്ഗരാജ്യത്തിന്റെ ആരംഭമാണ്. അതുകൊണ്ടു തന്നെയാണ് വി. പൗലോസ് പറയുന്നത്: ''ദൈവരാജ്യമെന്നാൽ ഭക്ഷണവും പാനീയവുമല്ല; പ്രത്യുത നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവുമാണ് (റോമ. 14:17).

ലോകം നല്കുന്ന സന്തോഷം ഭൗതികവും ഉപരിപ്ലവവും ക്ഷണികവുമാണ്. ''ലോകവും അതിന്റെ മോഹങ്ങളും കടന്നുപോകുന്നു'' (യോഹ.2:17) അവയുടെ പിറകെ പോകുന്തോറും മനുഷ്യന്റെ ആർത്തിയും ആസക്തികളും വർദ്ധിക്കുകയാണ്. ഹഗ്ഗായി പ്രവാചകനിലൂടെ ദൈവം അരുൾചെയ്യുന്നു: ''നിങ്ങൾ ഏറെ വിതച്ചു, കുറച്ചു മാത്രം കൊയ്തു. നിങ്ങൾ ഭക്ഷിക്കുന്നു; ഒരിക്കലും തൃപ്തരാകുന്നില്ല. നിങ്ങൾ പാനം ചെയ്യുന്നു, തൃപ്തി വരുന്നില്ല. നിങ്ങൾ വസ്ത്രം ധരിക്കുന്നു, ആർക്കും കുളിരു മാറുന്നില്ല. കൂലി ലഭിക്കുന്നവന് അതു ലഭിക്കുന്നത് ഓട്ടു സഞ്ചിയിൽ ഇടാൻ മാത്രം'' (ഹഗ്ഗാ.1:6). എന്നാൽ ഉത്ഥാനം ചെയ്ത ഈശോയോടുകൂടിയുള്ള ജീവിതം നിറവും നിർവൃതിയും സംതൃപ്തിയുമാണ് നല്കുക.